**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 143** **07-10-2024 - ൽ മറുപടിയ്ക്ക്**

**കാഫിർ സ്ക്രീൻ ഷോട്ടിന്റെ ഉറവിടം കണ്ടെത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പതിനെട്ടാം ലോക് സഭാ തെരഞ്ഞെടുപ്പിന്റെ തലേ ദിവസം വടകര പാർലമെന്റ് മണ്ഡലത്തിൽ വ്യാപകമായി പ്രചരിച്ച കാഫിർ സ്ക്രീൻ ഷോട്ടിന്റെ ഉറവിടം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | പതിനെട്ടാം ലോക് സഭാ തെരഞ്ഞെടുപ്പിന്റെ തലേ ദിവസം കാഫിർ സ്ക്രീൻ ഷോട്ട് വ്യാപകമായി പ്രചരിച്ചതുമായി ബന്ധപ്പെട്ട് LDF വടകര പാർലമെന്റ് മണ്ഡലം കമ്മിറ്റി ട്രഷറർ സി ഭാസ്കരൻ മാസ്റ്ററുടെ പരാതിയിൽ വടകര പൊലീസ് സ്റ്റേഷൻ ക്രൈം നമ്പർ 410/24 U/s 153(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ മുസ്ലിം യൂത്ത് ലീഗ് നിട്ടുമ്പ്രമണ്ണ ശാഖാ ജനറൽ സെക്രട്ടറി ഇസ്മയിൽ എം.ടി എന്നയാളുടെ പരാതിയിൽ വടകര പൊലീസ് സ്റ്റേഷൻ ക്രൈം നമ്പർ 411/24 U/s 153 IPC & 120(O) of KP Act പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. വിവാദ പോസ്റ്റിന്റെ facebook/whatsapp - ലെ ഇന്ത്യയിലെ ഒറിജിനേറ്റർ ആരെന്ന് കണ്ടെത്തുന്നതിനുള്ള ഊർജ്ജിത അന്വേഷണവും പ്രസ്തുത പോസ്റ്റിന്റെ ഫോറൻസിക്ക് പരിശോധനയും നടന്നു വരുന്നു. |
| (ബി) | പ്രസ്തുത സ്ക്രീൻ ഷോട്ട് പ്രചരിപ്പിച്ചവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | പതിനെട്ടാം ലോക് സഭാ തെരഞ്ഞെടുപ്പിന്റെ തലേ ദിവസം കാഫിർ സ്ക്രീൻ ഷോട്ട് വ്യാപകമായി പ്രചരിച്ചതുമായി ബന്ധപ്പെട്ട് LDF വടകര പാർലമെന്റ് മണ്ഡലം കമ്മിറ്റി ട്രഷറർ സി ഭാസ്കരൻ മാസ്റ്ററുടെ പരാതിയിൽ വടകര പൊലീസ് സ്റ്റേഷൻ ക്രൈം നമ്പർ 410/24 U/s 153(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ മുസ്ലിം യൂത്ത് ലീഗ് നിട്ടുമ്പ്രമണ്ണ ശാഖാ ജനറൽ സെക്രട്ടറി ഇസ്മയിൽ എം.ടി എന്നയാളുടെ പരാതിയിൽ വടകര പൊലീസ് സ്റ്റേഷൻ ക്രൈം നമ്പർ 411/24 U/s 153 IPC & 120(O) of KP Act പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. വിവാദ പോസ്റ്റിന്റെ facebook/whatsapp - ലെ ഇന്ത്യയിലെ ഒറിജിനേറ്റർ |

| | | | |
|---|---|---|---|
| | | | ആരെന്ന് കണ്ടെത്തുന്നതിനുള്ള ഊർജ്ജിത അന്വേഷണവും പ്രസ്തുത പോസ്റ്റിന്റെ ഫോറൻസിക്ക് പരിശോധനയും നടന്നു വരുന്നു. |
| (സി) | സ്ക്രീൻ ഷോട്ട് പ്രചരിപ്പിച്ച കേസ് അന്വേഷണത്തിന്റെ പരിധിയിൽ വ്യാജരേഖ ചമയ്ക്കൽ, മതസ്പർദ്ധയുണ്ടാക്കാൻ ശ്രമിക്കൽ എന്നിവ കൂടി ഉൾപ്പെടുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (സി) | നിർദ്ദേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ